## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1662** **11-10-2024 - ൽ മറുപടിയ്ക്ക്**

## കേരള കാർഷിക സർവകലാശാലയിലെ അസിസ്റ്റന്റ് നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള കാർഷിക സർവകലാശാലയിൽ എത്ര അസിസ്റ്റന്റ് തസ്തികകളാണ് നിലവിൽ ഒഴിഞ്ഞു കിടക്കുന്നതെന്ന് അറിയിക്കാമോ ; | (എ) | 41 |
| (ബി) | കഴിഞ്ഞ ഒരു വർഷമായി കാർഷിക സർവകലാശാലയിലെ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | കേരള കാർഷിക സർവ്വകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയ സാഹചര്യത്തിൽ അനദ്ധ്യാപക വിഭാഗം ജീവനക്കാരുടെ ജോലി ഭാരത്തിൽ കാര്യമായ വ്യതിയാനം കണ്ടതിനാൽ അത് വിലയിരുത്തുന്നതിനായി വർക്ക് സ്റ്റഡി കമ്മിറ്റി രൂപീകരിക്കുകയും, ജീവനക്കാരുടെ ജോലി ഭാരം വിലയിരുത്തുന്ന നടപടികൾ പൂർത്തിയാക്കുന്നതുവരെ അധിക തസ്തികകൾ ഒഴിവാക്കുന്നതിനായി ടെക്നിക്കൽ തസ്തികകൾ ഒഴികെയുള്ള അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് താൽക്കാലികമായി നിർത്തിവെയ്ക്കുവാനും 05.01.2024-ലെ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.<br><br>എല്ലാ സർവ്വകലാശാലകളും കാലാകാലം ജീവനക്കാരുടെ സംഖ്യ പുനർനിർണയിക്കുകയും അധിക തസ്തികകൾ ഒഴിവാക്കുകയും ചെയ്യുവരുന്നു. എം.ജി.സർവ്വകലാശാലയുടെ 26.10.2023ലെ 10896/AD A1/2023/എം.ജി.യു ഉത്തരവ് പ്രകാരം അനദ്ധ്യാപക പ്രവേശന തസ്തികകളുടെ എണ്ണം പുനഃക്രമീകരിച്ചിട്ടുണ്ട്. |
| (സി) | കേരള പി.എസ്.സി.യ്ക്ക് നിയമനം വിട്ട കേരളത്തിലെ പതിനൊന്ന് സർവകലാശാലകളിലും ഇ -ഓഫീസ് നിലനിൽക്കേ, ഇപ്പോഴും പ്രവർത്തനരഹിതമായ ഇ-ഓഫീസ് പോർട്ടൽ നിലവിലുള്ള ,കേരള കാർഷിക സർവ്വകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയെന്ന കാരണംകൊണ്ട് അനദ്ധ്യാപക | (സി) | കേരള കാർഷിക സർവ്വകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയ സാഹചര്യത്തിൽ അനദ്ധ്യാപക വിഭാഗം ജീവനക്കാരുടെ ജോലി ഭാരത്തിൽ കാര്യമായ വ്യതിയാനം കണ്ടതിനാൽ അത് വിലയിരുത്തുന്നതിനായി വർക്ക് സ്റ്റഡി കമ്മിറ്റി രൂപീകരിക്കുകയും, ജീവനക്കാരുടെ ജോലി ഭാരം വിലയിരുത്തുന്ന നടപടികൾ |

| | | | |
|---|---|---|---|
| | തസ്തികകളിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടയെന്ന തീരുമാനം സർവ്വകലാശാല ഭരണസമിതി കൈകൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡം എന്താണ് എന്നറിയിക്കാമോ ; | | പൂർത്തിയാക്കുന്നതുവരെ അധിക തസ്തികകൾ ഒഴിവാക്കുന്നതിനായി ടെക്നിക്കൽ തസ്തികകൾ ഒഴികെയുള്ള അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് താൽക്കാലികമായി നിർത്തിവെയ്ക്കുവാനും 05.01.2024-ലെ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.<br><br>എല്ലാ സർവ്വകലാശാലകളും കാലാകാലം ജീവനക്കാരുടെ സംഖ്യ പുനർനിർണയിക്കുകയും അധിക തസ്തികകൾ ഒഴിവാക്കുകയും ചെയ്തുവരുന്നു. എം.ജി.സർവ്വകലാശാലയുടെ 26.10.2023ലെ 10896/AD A1/2023/എം.ജി.യു ഉത്തരവ് പ്രകാരം അനദ്ധ്യാപക പ്രവേശന തസ്തികകളുടെ എണ്ണം പുനഃക്രമീകരിച്ചിട്ടുണ്ട്. |
| (ഡി) | പി.എസ്.സി. ലിസ്റ്റ് നിലനിൽക്കേ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ അനദ്ധ്യാപക ജീവനക്കാരുടെ ജോലിഭാരം വിലയിരുത്തുന്നതിനായി വൈസ് ചാൻസിലർ അധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ നിലവിലെ സ്ഥിതിയും ഇതുവരെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളും നിരീക്ഷണങ്ങളും അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ട കമ്മിറ്റിയുടെ കാലാവധിയും സഹിതമുള്ള വിശദവിവരങ്ങൾ നൽകാമോ ; | (ഡി) | അനധ്യാപക വിഭാഗം ജീവനക്കാരുടെ ജോലി ഭാരം വിലയിരുത്തുവാനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർവ്വകലാശാല ഭരണസമിതിയുടെ പരിഗണനയിലാണ്. സർവ്വകലാശാലാതലത്തിൽ നടപടി പൂർത്തിയാക്കിയാൽ മാത്രമേ സർക്കാരിന് ഇത് പരിശോധിക്കേണ്ടതുള്ളൂ. |
| (ഇ) | കാറ്റഗറി നമ്പർ 486/2022 - പ്രകാരം വന്ന റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടെന്നിരിക്കെ പ്രസ്തുത തസ്തികയിലേക്ക് (യൂണിവേഴ്സിറ്റി അസിസ്റ്റന്റ്) നിയമനം പി.എസ്.സി. മുഖാന്തിരം നടത്താതിരിക്കാനുള്ള കാരണം വ്യക്തമാകാമോ; അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്താതിരിക്കാൻ സർക്കാർ തലത്തിലോ യൂണിവേഴ്സിറ്റി തലത്തിലോ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ ; ഇത്തരം നിയമന നിരോധനംകൊണ്ട് ലിസ്റ്റിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർഥികൾക്കുണ്ടാകുന്ന നഷ്ടം, തൊഴിലില്ലായ്മ എന്നിവ പ്രസ്തുത വകുപ്പ് പഠന വിധേയമാക്കിയിട്ടുണ്ടോ ; | (ഇ) | നിയമനം നടത്താതിരിക്കാൻ സർവ്വകലാശാല തീരുമാനിച്ചിട്ടില്ല. മറിച്ച് ആകെ വേണ്ട തസ്തികകൾ പുനർനിശ്ചയിക്കാനുള്ള നടപടിയാണ് സർവ്വകലാശാല സ്വീകരിച്ചിട്ടുള്ളത്. |
| (എഫ്) | സർവകലാശാല ഭരണസമിതി പുന:സംഘടിപ്പിക്കുകയെന്ന കോടതി നിർദേശം ഒരു മാസത്തിനുള്ളിൽ പ്രാവർത്തികമാക്കണം എന്നിരിക്കെ സർവകലാശാല നടത്തിയ ഭരണസംബന്ധമായ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ? | (എഫ്) | ഡോ. സുരേഷ് കുമാർ പി.കെ.-യും മറ്റുള്ളവരും ഫയൽ ചെയ്ത WP(C)No. 27149/2024 നമ്പർ റിട്ട് പെറ്റീഷനിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ 30.08.2024-ലെ ഇടക്കാല ഉത്തരവ് പ്രകാരം, ടി ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനുള്ളിൽ കേരള കാർഷിക സർവകലാശാല ഭരണസമിതിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച വിജ്ഞാപനം |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ആദ്യ ഘട്ടമായ സമ്മതിദായകപ്പട്ടിക പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച കെ.എ.യു.ജി.എ/8288/2024-ജിഎ-ജി1 നമ്പർ വിജ്ഞാപനം 28.09.2024 തീയതിയിൽ ദിനപത്രങ്ങളിലും സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ